# ഇന്റർ രണ്ടടി മുന്നിൽ

- ചാമ്പ്യൻസ് ലീഗ് ആദ്യപാദ സെമിയിൽ ഇന്റർ മിലാൻ എസി മിലാനെ 2–0ന് കീഴടക്കി
- സെക്കോയും മികിതര്യാനും ഗോൾനേടി
- രണ്ടാംപാദം 16ന്



ചാമ്പ്യൻസ് ലീഗ് ആദ്യപാദ സെമിയിൽ എസി മിലാനെതിരെ ഗോൾനേടിയ ഇന്റർ മിലാന്റെ എഡിൻ സെക്കോയുടെ ആഹ്ലാദം

**സാൻസിറോ**

ചാമ്പ്യൻസ് ലീഗ് ഫുട്ബോൾ ആദ്യപാദ സെമിയിൽ ഇന്റർ മിലാന് ജയം. എസി മിലാനെ രണ്ട് ഗോളിന് തോൽപ്പിച്ച് ഇന്റർ ഫൈനലിന് അരികെയെത്തി. സാൻസിറോയിലെ മിലാൻ പോരിൽ എഡിൻ സെക്കോയും ഹെൻറിക് മികിതര്യാനുമാണ് ഗോളടിച്ചത്.

എൺപതിനായിരം കാണികളാണ് സ്റ്റേഡിയത്തിൽ നിറഞ്ഞത്. കളി തുടങ്ങി എട്ടാംമിനിറ്റിൽ ഇന്റർ മുന്നിലെത്തി. റൊമേലു ലുക്കാക്കുവിനുപകരം മുപ്പത്തേഴുകാരൻ സെക്കോയെ ഗോൾമുഖത്ത് ഇറക്കിയ ഇന്റർ പരിശീലകൻ സിമിയോണി ഇൻസാഗിയുടെ തന്ത്രം ഫലിച്ചു. കോർണറിൽനിന്നുള്ള പന്ത് തകർപ്പൻ വോളിയിലൂടെ വലയിലെത്തിച്ചാണ് സെക്കോ ഇന്ററിന് മിന്നുംതുടക്കം നൽകിയത്. ആരാധകർ ആഘോഷം തുടങ്ങി. മൂന്ന് മിനിറ്റിനുള്ളിൽ രണ്ടാംഗോളിലൂടെ ഇന്റർ കുതിച്ചു. മൈക്ക് മയ്ഗ്നനും ഫെഡെറികോ ഡിമാർകോയും ചേർന്നൊരുക്കിയ നീക്കത്തിനൊടുവിൽ മികിതര്യാൻ ലക്ഷ്യം കണ്ടു.

തുടർന്നും ഇന്ററിന്റെ മുന്നേറ്റങ്ങളാണ് കണ്ടത്. ഹകൻ കൽഹാനോഗ്ലുവിന്റെ ഷോട്ട് പോസ്റ്റിൽ തട്ടിത്തെറിച്ചു. പിന്നാലെ ഇന്ററിന് റഫറി പെനൽറ്റി അനുവദിച്ചെങ്കിലും പരിശോധനയിൽ പിൻവലിച്ചു.

രണ്ടാംപകുതിയിൽ ഇന്റർ ആക്രമണംവിട്ട് പ്രതിരോധത്തിലേക്ക് പിൻവാങ്ങി. രണ്ട് ഗോൾ ആനുകൂല്യം നിലനിർത്താൻ അവർ ആഞ്ഞുശ്രമിച്ചു. ഇതിനിടെ എസി മിലാന്റെ സാൻഡ്രോ ടൊണാലിയുടെ ഷോട്ട് പോസ്റ്റിൽ തട്ടിത്തെറിച്ചു. അതോടെ ശ്രമങ്ങൾ അവസാനിച്ചു. രണ്ടാംപാദം സാൻസിറോയിൽതന്നെ 16ന് നടക്കും.

പതിമൂന്ന് വർഷംമുമ്പാണ് ഇന്റർ അവസാനമായി ചാമ്പ്യൻസ് ലീഗ് ഫൈനൽ കടന്നതും ജേതാക്കളായതും. മൂന്നുതവണ ചാമ്പ്യൻമാരായ ഇറ്റാലിയൻ വമ്പൻമാർക്ക് സമീപകാലത്തൊന്നും യൂറോപ്യൻ പോരാട്ടത്തിൽ മികച്ച പ്രകടനം പുറത്തെടുക്കാൻ കഴിഞ്ഞിട്ടില്ല.

ഇറ്റാലിയൻ ലീഗ് ചാമ്പ്യൻമാരായ നാപോളിയെ മടക്കിയാണ് ഇന്റർ സെമിയിലെത്തിയത്. എസി മിലാൻ ഇംഗ്ലീഷ് ക്ലബ് ടോട്ടനം ഹോട്സ്പറിനെ വീഴ്ത്തി.

ചാമ്പ്യൻസ് ലീഗ് ആദ്യ സെമിയുടെ ആദ്യപാദത്തിൽ റയൽ മാഡ്രിഡും മാഞ്ചസ്റ്റർ സിറ്റിയും ഓരോ ഗോളടിച്ച് പിരിഞ്ഞിരുന്നു. പതിനേഴിനാണ് രണ്ടാംപാദം.

■ അഞ്ചുമാസം ബാക്കിയിരിക്കെ മത്സരക്രമമായില്ല

# ഏകദിന ലോകകപ്പ് ഒക്ടോബർ അഞ്ചുമുതൽ

- അന്തിമതീരുമാനം ഐപിഎലിനുശേഷം
- ഇന്ത്യ ഒക്ടോബർ 15ന് പാകിസ്ഥാനെ നേരിടും
- ഫൈനൽ നവംബർ 19ന്

**മുംബൈ**

ഇന്ത്യ ആതിഥേയരാകുന്ന ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഒക്ടോബർ അഞ്ചിന് ആരംഭിച്ചേക്കും. ചാമ്പ്യൻമാരായ ഇംഗ്ലണ്ടും ന്യൂസിലൻഡും തമ്മിലാകും ആദ്യകളി. ഫൈനൽ നവംബർ 19ന് അഹമ്മദാബാദിലാണ്. ലോകകപ്പിന് അഞ്ചമാസംമാത്രം ബാക്കിയിരിക്കെ വേദികളുടെ കാര്യത്തിലും മത്സരക്രമത്തിലും അന്തിമതീരുമാനമായില്ല. ഐപിഎൽ മത്സരങ്ങൾ കഴിഞ്ഞാൽ ബിസിസിഐ ഇക്കാര്യം പ്രഖ്യാപിക്കുമെന്നാണ് കരുതുന്നത്.

പത്തു ടീമുകളാണ് ലോകകപ്പ് കളിക്കുക. 48 മത്സരങ്ങളുണ്ടാകും. എട്ടു ടീമുകൾ നേരിട്ട് യോഗ്യത നേടി. രണ്ടു ടീമുകൾ യോഗ്യതാമത്സരം കളിച്ചെത്തും. ഇന്ത്യക്കുപുറമെ പാകിസ്ഥാൻ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ന്യൂസിലൻഡ്, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ്, ദക്ഷിണാഫ്രിക്ക ടീമുകളാണ് യോഗ്യത നേടിയത്. ലോകകപ്പ് നേടിയിട്ടുള്ള വെസ്റ്റിൻഡീസിനും ശ്രീലങ്കയ്ക്കും യോഗ്യതാമത്സരം കളിക്കണം. നെതർലൻഡ്സ്, അയർലൻഡ്, നേപ്പാൾ, ഒമാൻ, സ്കോട്ലൻഡ്, യുഎഇ, സിംബാബ്വേ ടീമുകളും ജൂൺ 18 മുതൽ ജൂലൈ ഒമ്പതുവരെ നടക്കുന്ന യോഗ്യതാ ടൂർണമെന്റിൽ പങ്കെടുക്കും. സിംബാബ്വേയിലാണ് യോഗ്യതാ ടൂർണമെന്റ്. ആദ്യ രണ്ട് സ്ഥാനക്കാർ ലോകകപ്പിന് അർഹത നേടും.

ലോകകപ്പിനായി 12 സ്റ്റേഡിയങ്ങളാണ് സജ്ജമാകുന്നത്. ലോകത്തെ ഏറ്റവും വലിയ ക്രിക്കറ്റ് സ്റ്റേഡിയമായ അഹമ്മദാബാദിലാണ് ആദ്യകളിയും ഫൈനലും. സെമിഫൈനൽ വേദിക്കായി കൊൽക്കത്ത, ഡൽഹി, മുംബൈ കാത്തിരിക്കുന്നു. പാകിസ്ഥാന്റെ മത്സരങ്ങൾ ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിലായിരിക്കും. ഡൽഹി, ഇൻഡോർ, ധർമശാല, ഗുവാഹത്തി, രാജ്കോട്ട്, റായ്പുർ എന്നിവിടങ്ങളായിരിക്കും മറ്റ് വേദികൾ. ഇന്ത്യയുടെ ആദ്യകളി ഓസ്ട്രേലിയക്കെതിരെ ചെന്നൈയിലായിരിക്കും. ഒക്ടോബർ 15ന് ഇന്ത്യ പാകിസ്ഥാനെ നേരിടും.

## ചീഫ് മിനിസ്റ്റേഴ്സ് ഗോൾഡ് കപ്പ് കണ്ണൂരിൽ

**തിരുവനന്തപുരം**

സംസ്ഥാന സ്പോർട്സ് കൗൺസിൽ സ്കൂൾതലത്തിൽ അണ്ടർ 17 ആൺകുട്ടികൾക്കുവേണ്ടി സംഘടിപ്പിക്കുന്ന പ്രഥമ സി എം ഗോൾഡ് കപ്പ് ഫുട്ബോൾ ടൂർണമെന്റിന് കണ്ണൂർ വേദിയാകും.

കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 19 മുതലാണ് മത്സരം.

പങ്കെടുക്കുന്നതിന് സ്കൂൾ ടീമുകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ഒരു ജില്ലയിൽനിന്ന് ഒന്നിൽകൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ മത്സരങ്ങൾ നടത്തി ജില്ലാ ടീമിനെ തെരഞ്ഞെടുക്കണം.

ആദ്യ നാല് സ്ഥാനക്കാർക്ക് സമ്മാനത്തുകയുണ്ട്. എൻട്രികൾ 14നുമുമ്പ് കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ sportscouncilkannur@gmail.com എന്ന മെയിലിൽ അയക്കണം. ഫോൺ: 0497–2700485.

## സബ് ജൂനിയർ ബാസ്കറ്റ്ബോൾ

**തിരുവനന്തപുരം**

സംസ്ഥാന സബ് ജൂനിയർ ബാസ്കറ്റ്ബോൾ ടൂർണമെന്റിൽ ക്വാർട്ടർ ഫൈനലിനുള്ള ടീമുകളായി. ആൺകുട്ടികളിൽ ചാമ്പ്യൻമാരായ ആലപ്പുഴ, തൃശൂർ, തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, കോട്ടയം, എറണാകുളം ടീമുകൾ അവസാന എട്ടിൽ സ്ഥാനംപിടിച്ചു.

പെൺകുട്ടികളിൽ ജേതാക്കളായ കോഴിക്കോട്, ആലപ്പുഴ, തൃശൂർ, എറണാകുളം, തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോട്ടയം ടീമുകൾ ക്വാർട്ടറിലെത്തി.

■ ലോക ബോക്സിങ് ചാമ്പ്യൻഷിപ്

## ഫൈനൽ പ്രതീക്ഷയോടെ ഇന്ത്യ

**താഷ്കെന്റ്**

ചരിത്രംകുറിക്കാൻ ഇന്ത്യൻ ബോക്സർമാർ ഇന്ന് ലോക ചാമ്പ്യൻഷിപ് വേദിയിൽ. മൂന്ന് ഇനങ്ങളിലാണ് മെഡലുറപ്പിച്ച് താരങ്ങൾ ഇറങ്ങുന്നത്. 51 കിലോയിൽ ദീപക് ബോറിയ, 57 കിലോയിൽ മുഹമ്മദ് ഹുസാമുദീൻ, 71 കിലോയിൽ നിഷാന്ത് ദേവ് എന്നിവരാണ് സെമിയിലെത്തിയത്.

ഇരുപത്താറുകാരനായ ദീപക്, കസാക്കിസ്ഥാന്റെ സാക്കെൻ ബിബോസിനോവിനെ നേരിടും. ക്യൂബയുടെ സയ്ദെൽ ഹോർടയാണ് ഹുസാമുദീന്റെ എതിരാളി. ഏഷ്യൻ ചാമ്പ്യൻ കസാക്കിസ്ഥാന്റെ അസ്ലാൻബെക് ഷൈംബെർഗെനോവുമായാണ് നിഷാന്തിന്റെ പോരാട്ടം.

■ ഏഷ്യൻ കപ്പ് ഫുട്ബോൾ

# ഇന്ത്യക്ക് കടുപ്പം

- ഖത്തറിൽ ജനുവരി 12 മുതൽ
- ആകെ 24 ടീമുകൾ
- ഇന്ത്യ അഞ്ചാംതവണ



ഏഷ്യൻ കപ്പ് ടീമുകളുടെ പരിശീലകർ ഫിഫ പ്രസിഡന്റ് ജിയാനി ഇൻഫാന്റിനോയ്ക്കൊപ്പം

**ഗ്രൂപ്പ് എ:** ഖത്തർ, ചൈന, തജിക്കിസ്ഥാൻ, ലെബനൻ
**ഗ്രൂപ്പ് ബി:** ഇന്ത്യ, ഓസ്ട്രേലിയ, സിറിയ, ഉസ്ബെക്കിസ്ഥാൻ
**ഗ്രൂപ്പ് സി:** ഇറാൻ, യുഎഇ, ഹോങ്കോങ്, പലസ്തീൻ
**ഗ്രൂപ്പ് ഡി:** ജപ്പാൻ, ഇന്തോനേഷ്യ, ഇറാഖ്, വിയറ്റ്നാം
**ഗ്രൂപ്പ് ഇ:** ദക്ഷിണകൊറിയ, മലേഷ്യ, ജോർദാൻ, ബഹ്റൈൻ
**ഗ്രൂപ്പ് എഫ്:** സൗദി അറേബ്യ, തായ്‌ലൻഡ്, കിർഗിസ്ഥാൻ, ഒമാൻ

**ദോഹ**

ഏഷ്യയിലെ ഫുട്ബോൾ രാജാക്കന്മാരെ നിശ്ചയിക്കുന്ന എഎഫ്സി ഏഷ്യൻ കപ്പ് ഫുട്ബോളിൽ ഇന്ത്യ ലോകകപ്പ് പ്രീക്വാർട്ടർ കളിച്ച ഓസ്ട്രേലിയക്കൊപ്പം. ഗ്രൂപ്പ് ബിയിൽ സിറിയ, ഉസ്ബെക്കിസ്ഥാൻ ടീമുകളുമുണ്ട്. ജനുവരി 12 മുതൽ ഫെബ്രുവരി 10 വരെ നടക്കുന്ന ഏഷ്യൻ കപ്പിനുള്ള 24 ടീമുകളെയും ആറ് ഗ്രൂപ്പായി തിരിച്ചു. ലോകകപ്പ് കളിച്ച ആറ് ടീമുകൾ അണിനിരക്കും.

ഫിഫ റാങ്കിങ്ങിൽ ഇന്ത്യ 101 ആണ്. സിറിയ 90, ഉസ്ബെക്കിസ്ഥാൻ 74. ഓസ്ട്രേലിയയുടെ റാങ്ക് 29. തുടർച്ചയായി രണ്ടാംതവണയാണ് ഇന്ത്യ ഏഷ്യൻ കപ്പിന് യോഗ്യത നേടുന്നത്. 2019, 2011, 1984, 1964 വർഷങ്ങളിലും കളിച്ചിട്ടുണ്ട്. 1964ൽ റണ്ണറപ്പായതാണ് വലിയ നേട്ടം.

കഴിഞ്ഞതവണ ഖത്തറായിരുന്നു ജേതാക്കൾ, ജപ്പാൻ രണ്ടാമതായി. 2019ൽ നടന്ന ഈ ടൂർണമെന്റിൽ ഇന്ത്യ ഗ്രൂപ്പിൽ അവസാനസ്ഥാനത്തായി. തായ്‌ലൻഡിനെ 4–1ന് തോൽപ്പിച്ചെങ്കിലും ആതിഥേയരായ യുഎഇയോട് രണ്ട് ഗോളിന് തോറ്റു. ബഹ്റൈനോട് ഒരു ഗോളിന് തോറ്റതോടെ പുറത്തായി.

അഞ്ചാമത്തെ ഏഷ്യൻ കപ്പിന് ഒരുങ്ങുന്ന ഇന്ത്യക്ക് കാര്യങ്ങൾ എളുപ്പമല്ല. ഗ്രൂപ്പിലെ ശക്തമായ ടീം ഓസ്ട്രേലിയയാണ്. കഴിഞ്ഞതവണ ക്വാർട്ടറിൽ കടന്ന ഓസീസ് ലോകകപ്പിൽ മികച്ച പ്രകടനമായിരുന്നു. ഫ്രാൻസും ഡെൻമാർക്കും ടുണീഷ്യയും ഉൾപ്പെട്ട ഗ്രൂപ്പിൽ രണ്ടാമതായി. പ്രീക്വാർട്ടറിൽ അർജന്റീനയോട് 2–1ന് തോറ്റു. 2011 ഏഷ്യൻ കപ്പിൽ ഇന്ത്യയെ നാല് ഗോളിന് തോൽപ്പിച്ചിട്ടുണ്ട്.

ഉസ്ബെക്കിസ്ഥാൻ കഴിഞ്ഞതവണ പ്രീക്വാർട്ടറിൽ ഓസ്ട്രേലിയയോടാണ് തോറ്റത്. ഗ്രൂപ്പിൽ ജപ്പാനുപിന്നിൽ രണ്ടാമതായിരുന്നു. 2001 മെർദേക്ക കപ്പിൽ ഇന്ത്യയെ 2–1ന് തോൽപ്പിച്ചിട്ടുണ്ട്. സിറിയ കഴിഞ്ഞതവണ ഗ്രൂപ്പിൽ അവസാനസ്ഥാനത്തായി. ഇന്ത്യക്കെതിരെ 2019 കോണ്ടിനെന്റൽ കപ്പ് കളിച്ചു. മത്സരം 1–1 സമനിലയായി.

ലോകകപ്പിന് ആതിഥേയരായിരുന്ന ഖത്തർ, ചൈന പിൻമാറിയപ്പോഴാണ് ഏഷ്യൻ കപ്പ് ഏറ്റെടുത്തത്.

ലോകകപ്പ് നടന്ന എട്ട് സ്റ്റേഡിയങ്ങളിൽ ആറെണ്ണം ഏഷ്യൻ കപ്പിനും വേദിയാകും. ഓരോ ഗ്രൂപ്പിൽനിന്ന് ആദ്യ രണ്ട് സ്ഥാനക്കാരും മികച്ച നാല് മൂന്നാംസ്ഥാനക്കാരും പ്രീക്വാർട്ടറിൽ കടക്കും.

# വിരുന്നൊരുക്കി ചഹാൽ, ജയ്സ്വാൾ

- ചഹാലിന് നാല് വിക്കറ്റ്



നാല് വിക്കറ്റെടുത്ത യുശ്‌വേന്ദ്ര ചഹാൽ (ഇടത്ത്) ആന്ദ്രെ റസലിനെ പുറത്താക്കിയ കെ എം ആസിഫിനെ അഭിനന്ദിക്കാനെത്തുന്നു. ഒപ്പം സഞ്ജു സാംസൺ

**കൊൽക്കത്ത**

പന്തിൽ വിസ്മയം തീർത്ത് സ്പിന്നർ യുശ്‌വേന്ദ്ര ചഹാൽ. ബാറ്റിൽ വിരുന്നൊരുക്കി ഓപ്പണർ യശസ്വി ജയ്സ്വാൾ. ഐപിഎൽ ക്രിക്കറ്റിൽ അനിവാര്യമായ വിജയം രാജസ്ഥാൻ റോയൽസിന് സ്വന്തം. കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ ഒമ്പത് വിക്കറ്റിന് തകർത്തു. 6.5 ഓവർ ബാക്കിയിരിക്കെ നേടിയ തകർപ്പൻ ജയത്തോടെ പട്ടികയിൽ മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. സ്കോർ: കൊൽക്കത്ത 8–149, രാജസ്ഥാൻ 1–151 (13.1).

അതിവേഗ അർധ സെഞ്ചുറി നേടിയ ജയ്സ്വാൾ 47 പന്തിൽ 98 റണ്ണുമായി പുറത്താകാതെനിന്നു. 29 പന്തിൽ 48 റണ്ണുമായി ക്യാപ്റ്റൻ സഞ്ജു സാംസൺ കൂട്ടായി. ഓപ്പണർ ജോസ് ബട്ലർ റണ്ണെടുക്കുംമുമ്പ് റണ്ണൗട്ടായി. മൂന്നാമത്തെ അർധ സെഞ്ചുറി നേടിയ ജയ്സ്വാൾ 13 ഫോറും അഞ്ച് സിക്സറും പറത്തി. സഞ്ജു അഞ്ച് സിക്സറും രണ്ട് ഫോറും കണ്ടെത്തി. ജയത്തിൽകുറഞ്ഞതൊന്നും ഗുണകരമാകാതിരുന്ന മത്സരത്തിൽ രാജസ്ഥാൻ ബൗളർമാരാണ് കൊൽക്കത്തയെ തളച്ചത്. നാല് ഓവറിൽ 25 റൺ വഴങ്ങി നാല് വിക്കറ്റെടുത്ത ചഹാലാണ് അതിൽ പ്രധാനി. പേസർ ട്രെന്റ് ബോൾട്ടിന് രണ്ട് വിക്കറ്റുണ്ട്. മലയാളി പേസർ കെ എം ആസിഫും സന്ദീപ് ശർമയും ഓരോ വിക്കറ്റെടുത്തു. രാജസ്ഥാൻ അവസാന ആറ് കളിയിൽ അഞ്ചും തോറ്റാണ് ഇറങ്ങിയത്. ഏഴാംമത്സരത്തിലെ വിജയം പ്ലേഓഫ് സാധ്യത സജീവമാക്കി.

ഐപിഎല്ലിൽ കൂടുതൽ വിക്കറ്റ് നേടുന്ന കളിക്കാരനായി ചഹാൽ. ആകെ 187 വിക്കറ്റ്. ഈ സീസണിൽമാത്രം 21. കൊൽക്കത്തയുടെ രക്ഷകനായ വെങ്കിടേഷ് അയ്യർ (42 പന്തിൽ 57), ക്യാപ്റ്റൻ നിതീഷ് റാണ (17 പന്തിൽ 22), റിങ്കു സിങ് (18 പന്തിൽ 16), ശാർദുൽ ഠാക്കൂർ (2 പന്തിൽ 1) എന്നിവരുടെ വിക്കറ്റുകളാണ് ചഹാൽ സ്വന്തമാക്കിയത്. ഓപ്പണർ ജാസൻ റോയിയെയും (8 പന്തിൽ 10) വിക്കറ്റ്കീപ്പർ റഹ്മാനുള്ള ഗുർബസിനെയും (12 പന്തിൽ 18) വീഴ്ത്തി ബോൾട്ട് രാജസ്ഥാന് മികച്ച തുടക്കം നൽകി.

ആന്ദ്രേ റസലിനെ വീഴ്ത്തി ആസിഫ് ആദ്യ വിക്കറ്റ് നേടി. 10 പന്തിൽ 10 റണ്ണെടുത്ത വിൻഡീസ് താരത്തെ ആർ അശ്വിൻ പിടികൂടി. 17–ാംഓവറിൽ വെങ്കിടേഷിനെയും ശാർദുൽ ഠാക്കൂറിനെയും മടക്കി ചഹാൽ കളി പിടിച്ചു. വെങ്കിടേഷ് അയ്യർ നാല് സിക്സറും രണ്ട് ഫോറും പറത്തിയാണ് ഈ സീസണിലെ മൂന്നാം അർധസെഞ്ചുറി നേടിയത്.

**പോയിന്റ് പട്ടിക**

(ടീം, കളി, ജയം, തോൽവി, പോയിന്റ്)

| | | | | |
|---|---|---|---|---|
| ഗുജറാത്ത് | 11 | 8 | 3 | 16 |
| ചെന്നൈ | 12 | 7 | 4 | 15 |
| രാജസ്ഥാൻ | 12 | 6 | 6 | 12 |
| മുംബൈ | 11 | 6 | 5 | 12 |
| ലഖ്നൗ | 11 | 5 | 5 | 11 |
| ബാംഗ്ലൂർ | 11 | 5 | 6 | 10 |
| കൊൽക്കത്ത | 12 | 5 | 7 | 10 |
| പഞ്ചാബ് | 11 | 5 | 6 | 10 |
| ഹൈദരാബാദ് | 10 | 4 | 6 | 8 |
| ഡൽഹി | 11 | 4 | 7 | 8 |


ജയ്സ്വാൾ ഫോർ പറത്തുന്നു

# അതിവേഗം 50

**കൊൽക്കത്ത**

ഐപിഎൽ ചരിത്രത്തിലെ വേഗമേറിയ അർധസെഞ്ചുറി കുറിച്ച് രാജസ്ഥാൻ റോയൽസ് ഓപ്പണർ യശസ്വി ജയ്സ്വാൾ. കൊൽക്കത്ത നൈറ്റ്റൈഡേഴ്സിനെതിരെ 13 പന്തിലാണ് ഇരുപത്തൊന്നുകാരന്റെ നേട്ടം. അതിൽ ഏഴ് ഫോറും മൂന്ന് സിക്സറും ഉൾപ്പെട്ടു.

നിതീഷ് റാണയുടെ ആദ്യ ഓവറിൽ 26 റണ്ണടിച്ചു. ആദ്യ രണ്ട് പന്തും സിക്സർ. തുടർന്ന് മൂന്ന് ഫോറും രണ്ട് റണ്ണും.

കെ എൽ രാഹുലും (2018) പാറ്റ് കമ്മിൻസും (2022) 14 പന്തിൽ 50 റണ്ണടിച്ചതായിരുന്നു മുൻ റെക്കോഡ്.

## മെസി കളിച്ചേക്കും

**പാരിസ്**

ഫ്രഞ്ച് ഫുട്ബോൾ ലീഗിൽ പിഎസ്ജിയുടെ അടുത്ത മത്സരത്തിൽ ലയണൽ മെസി കളിക്കാൻ സാധ്യത. നാളെ രാത്രി അയാക്കിയോയുമായാണ് പിഎസ്ജിയുടെ കളി. നാല് കളിയാണ് ശേഷിക്കുന്നത്. രണ്ടാമതുള്ള ലെൻസിനെക്കാൾ ആറ് പോയിന്റ് മുന്നിലുള്ള പിഎസ്ജിക്ക് ഇനി രണ്ട് ജയം മതി.

അനുമതിയില്ലാതെ സൗദി അറേബ്യയിലേക്ക് യാത്ര ചെയ്തതിന് മെസിയെ പിഎസ്ജി രണ്ടാഴ്ചത്തേക്ക് വിലക്കിയിരുന്നു. സംഭവത്തിൽ അർജന്റീന ക്യാപ്റ്റൻ മാപ്പ് പറയുകയും ചെയ്തു. പിന്നാലെ ടീമിനൊപ്പം പരിശീലനം നടത്തി. വിലക്ക് തീർന്നോയെന്ന കാര്യം ക്ലബ് ഇതുവരെ വ്യക്തമാക്കിയിട്ടില്ല.പിഎസ്ജിയിൽ തുടരില്ലെന്ന നിലപാടിലാണ് മെസി. അടുത്തമാസം കരാർ അവസാനിക്കും.